**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** — **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ 9 വർഷത്തിനിടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കഴിഞ്ഞ 9 വർഷത്തിനിടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-**<br><br>**1. കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം (5 കോടി, 3 കോടി, 1 കോടി പദ്ധതികൾ).**<br><br>**2. പ്ലാൻ ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം.**<br><br>**3. ബാരിയർ ഫ്രീ സ്കൂൾസ് പദ്ധതി**<br><br>**4. സ്കൂൾ കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ആകസ്മിക സഹായം. (മെയിന്റനൻസ് വർക്സ്)**<br><br>**5. സ്വന്തമായി സ്ഥലമില്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി.**<br><br>**6. പൈതൃക കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ധനസഹായം.**<br><br>**7. പിന്നാക്ക അവസ്ഥയിലുള്ള കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ.**<br><br>**8. ചലഞ്ച് ഫണ്ട് (എയ്ഡഡ് സ്കൂളുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി).** |

| | | | |
|---|---|---|---|
| | | | **9. ഓട്ടിസം പാർക്ക് പദ്ധതി**<br>**10. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗ ക്ലാസ്സുകൾ (സർക്കാർ എയ്ഡഡ് സ്കൂളുകൾ) ഹൈടെക് ആക്കുകയും, കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസ്സുകളിൽ ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.**<br>**11. ക്ലാസ്സുകൾക്ക് ആവശ്യമായ ഫർണിച്ചർ, ചുറ്റുമതിൽ നിർമ്മാണം, സോളാർപാനൽ, ടോയ്ലറ്റുകളുടെ നിർമ്മാണം, റാമ്പ് & റെയിൽ നിർമ്മാണം, ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ.**<br>**എന്നീ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.** |
| (ബി) | സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് മുറികളിൽ ഹൈടെക് ലാബുകൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് മുറികളും കമ്പ്യൂട്ടർ ലാബും സജ്ജമാക്കുന്നതിന് കിഫ്ബി സഹായത്തോടെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളത്തെ രാജ്യത്തിലെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് സഹായകമായി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കൻഡറി ഹയർ സെക്കൻഡറി വിഭാഗം ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും, ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസ്സുകളിൽ ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രൈമറി വിഭാഗം ഉൾപ്പെടെ ലഭ്യമാക്കാൻ കഴിയുന്ന എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം നൽകിയിട്ടുണ്ട്. |
| (സി) | സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ പി.ടി.എ. യുടെയും തദ്ദേശസ്ഥാപനങ്ങളുടെയും പൂർവ്വ വിദ്യാർത്ഥി സമൂഹങ്ങളുടെയും പങ്കാളിത്തം എങ്ങനെയാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സമൂഹങ്ങൾ, പി.ടി.എ എന്നിവരുടെ പങ്കാളിത്തത്തോടെ ഫർണിച്ചറുകൾ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ വൈറ്റ് ബോർഡുകൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വൈദ്യുതിചാർജ് ടെലിഫോൺ ചാർജ്, കുടിവെള്ളം, പരിസര ശുചീകരണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുഖേന ലഭ്യമാകുന്നുണ്ട്. കൂടാതെ ലാബുകൾ, ലൈബ്രറികൾ, റീഡിംഗ് റൂമുകൾ, സ്കൂൾ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ ഇന്റർലോക്കുകൾ, സ്കൂൾ കവാടങ്ങൾ, കുഴൽ ക്കിണറുകൾ എന്നിവ സജ്ജമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥി സമൂഹങ്ങൾ, പി.ടി.എ, എസ്.എം.സി എന്നിവരുടെ സഹായം ലഭ്യമാകുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ സ്കൂളുകൾ ദേശീയ തലത്തിൽ മുൻ നിരയിലെത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ സ്കൂളുകളിൽ മികവാർന്നതും സ്ഥിരതയുള്ളതും മാതൃകാപരവുമായ നിരവധി അക്കാദമിക പ്രവർത്തനങ്ങളും, അക്കാദ മികേതര പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുക യെന്നത്. വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠനപുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടന്നു വരുന്നു. അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ക്ലാസ്സിതര മാസ്റ്റർപ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ, സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെയും സബ്ജക്ട് മിനിമം ഏർപ്പെടുത്തിയതിലൂടെയും അക്കാദമിക് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക, സാങ്കേതിക വിദ്യാ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ |

സെക്ഷൻ ഓഫീസർ